സാമ്പത്തിക ബുദ്ധിമുട്ട്

13 (279)ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ാമാണ്ട് മാർച്ച് മാസത്തിൽ ഗവണ്മെന്റിന് എന്തെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ബുദ്ധിമുട്ട് തരണം ചെയ്യുവാൻ എന്തെല്ലാം നടപടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

പ്ലസ് ടു സ്കൂളുകൾക്ക് വേണ്ടിയുള്ള സാമ്പത്തിക ബാദ്ധ്യത

14 (280)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം അനുവദിച്ച പ്ലസ് ടു സ്കൂളുകളിൽ ശമ്പളവും മറ്റ് അലവൻസുകളും നല്കുന്നതിന് എന്ത് തുക വേണ്ടി വരുമെന്ന് ധനകാര്യ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) അനുവദിച്ച സ്കൂളുകളിൽ ഓരോന്നിലും എത്ര കോഴ്സുകൾ വീതം നല്കുന്നതിനാണ് ധനകാര്യ വകുപ്പ് ക്ലിയറൻസ് നല്കിയിട്ടുള്ളത്;

(ഡി) 1999-2000 വർഷത്തിൽ പ്ലസ് ടു സ്കൂളുകൾക്ക് എന്തുതുക ചെലവായിട്ടുണ്ട്;

(ഇ) 2000-2001 സാമ്പത്തിക വർഷത്തിൽ പ്ലസ് ടു സ്കൂളുകളുടെ നടത്തിപ്പിനും ചെലവുകൾക്കുമായി എന്തുതുക മാറ്റിവെച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ലഭ്യമല്ല.

(സി) ഈ വർഷം പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ വിവരം ഇപ്പോൾ ലഭ്യമല്ല.

(ഡി) അക്കൗണ്ടന്റ് ജനറൽ കണക്കുകൾ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ഇപ്പോൾ ലഭ്യമല്ല.

(ഇ) പതിനഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly